74983/18

27/06/18

FM

(11)

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ജില്ലാ സഹകരണ ബാങ്കിലെ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തിക – ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 446/2018/സഹ.  തീയതി, തിരുവനന്തപുരം, 23/07/2018.**

---

പരാമർശം:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 21/08/2015 ലെ പി.ജിഎ/205-16 നമ്പർ കത്ത്.
2. 31/03/2015 ലെ സ.ഉ. (കൈ) നം. 51/15/സഹ.
3. 20/09/2016 ലെ സ.ഉ. (കൈ) നം. 39/16/സഹ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 07/04/2016, 13/09/2017 തീയതികളിലെ ഇ.എം.(1) 42003/15 നമ്പർ കത്തുകൾ.
5. WP(C) No. 26532/17 മേലുള്ള ബഹു. ഹൈക്കോടതിയുടെ 10/08/2017 ലെ വിധിന്യായം.
6. WP(C) No. 35941/17 മേലുള്ള ബഹു. ഹൈക്കോടതിയുടെ 08/02/2018 ലെ വിധിന്യായം.
7. ശ്രീ. ശ്രീജേഷ്.ടി 03/11/2017, 25/06/2018 തീയതികളിൽ സമർപ്പിച്ച നിവേദനങ്ങൾ.
8. സഹകരണ സംഘം രജിസ്ട്രാറുടെ 19/06/2018 ലെ ഇ.എം.(1) 40902/18 നമ്പർ കത്ത്.

28 JUL 2018

## ഉത്തരവ്

ജില്ലാ സഹകരണ ബാങ്കിലെ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികക്ക് ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ഗ്രേഡ് പ്രൊമോഷനും സ്ഥാനക്കയറ്റത്തിനായുള്ള അവസരവും ഇല്ലാത്ത സാഹചര്യത്തിൽ 8, 16 വർഷത്തെ സേവനം പൂർത്തിയാക്കുമ്പോൾ ഗ്രേഡ് അനുവദിക്കുന്ന വിഷയം ശമ്പള പരിഷ്കരണ സമയത്ത് പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും 31/03/2015 ൽ പുറപ്പെടുവിച്ച ശമ്പള പരിഷ്കരണ ഉത്തരവിലും ഈ നിർദ്ദേശം പരിഗണിച്ചിട്ടില്ലാത്തതാണ്.

2. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീ. ശ്രീജേഷ് പ്രസ്തുത തസ്തികയിൽ ഹയർ

ഗ്രേഡ് ലഭിക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 26532/201. ന്മേലുള്ള പരാമർശം (5) വിധിന്യായത്തിൽ രജിസ്ട്രാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിക്കുകയും രജിസ്ട്രാർ സർക്കാരിന്റെ സ്പഷ്ടീകരണം തേടുകയും ചെയ്തിരുന്നു. കേരള ബാങ്ക് രൂപീകരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ടാസ്ക് ഫോഴ്സിന്റെ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പായി ശ്രീ. ശ്രീജേഷ് അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയ്ക്ക് ഗ്രേഡ് അനുവദിക്കണം എന്നാവശ്യപ്പെട്ട് സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ഒപ്പം തന്നെ ഹൈക്കോടതിയിൽ WP(C) No. 35941/17 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (6) വിധിന്യായത്തിൽ രജിസ്ട്രാർ നൽകിയിട്ടുള്ള ശിപാർശ പരിഗണിച്ച് ശ്രീ.ശ്രീജേഷ് നൽകിയിട്ടുള്ള അപേക്ഷ തീർപ്പാക്കാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

3. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ. ശ്രീജേഷ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ, രജിസ്ട്രാർ എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയാണ് 01/06/2005 ൽ കോഴിക്കോട് ജില്ലാ ബാങ്കിലെ ജോലിയിൽ പ്രവേശിച്ചതെന്നും 13 വർഷം കഴിഞ്ഞിട്ടും ഒരു ഗ്രേഡ് പോലും ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നും ശ്രീ. ശ്രീജേഷ് അറിയിച്ചു. ബാങ്കിന്റെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടാത്തതിനാൽ മറ്റ് പ്രമോഷൻ ഒന്നും തന്നെ ലഭിച്ചിരുന്നില്ലായെന്നും അദ്ദേഹം അറിയിക്കുകയുണ്ടായി. Executive Officer/Inspector of Branches/Senior Branch Manager/Agricultural Officer എന്നിവയ്ക്ക് ഒരേ സ്കെയിലാണ്. ഇതിൽ Agricultural Officer ഒഴികെയുള്ളവരുടെ തസ്തിക DGM ന്റെ ഫീഡർ തസ്തികയാണ്. ആയതിനാൽ യാതൊരു സ്ഥാനക്കയറ്റവും ലഭിക്കാത്ത അഗ്രികൾച്ചറൽ ഓഫീസർക്ക് ഗ്രേഡ് അനുവദിക്കണമെന്ന് ശ്രീ. ശ്രീജേഷ് ആവശ്യപ്പെട്ടു.

4. അഗ്രികൾച്ചറൽ ഓഫീസർ തസ്തിക നിലവിലുള്ള കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ടി തസ്തികയിലുള്ളവർക്ക് 8 ഉം 16 ഉം വർഷങ്ങളിലെ സേവനത്തിന് ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ കൃഷി ഓഫീസർക്ക് ആദ്യ ഗ്രേഡ് 22180 - 70605 എന്ന സ്കെയിലും രണ്ടാം ഗ്രേഡായി 25786 - 74380 എന്ന സ്കെയിലും അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ ബാങ്കുകളിലെ കൃഷി ഓഫീസർക്ക് 8 വർഷം പൂർത്തീകരിക്കുമ്പോൾ ആദ്യ ഗ്രേഡായി 24130 - 76020 സ്കെയിലും ഉം 16 വർഷം പൂർത്തീകരിക്കുമ്പോൾ 26640 - 78170 ഉം അനുവദിക്കാമെന്നും പരാമർശം (8) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു.

5. ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഉയർന്ന ശമ്പളത്തിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഒരു ഗ്രേഡിന് മാത്രമെ അർഹതയുള്ളൂ. എന്നാൽ മറ്റ് പ്രൊമോഷൻ സാദ്ധ്യത ഇല്ലാത്ത സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ കൃഷി ഓഫീസർക്ക് ഹയർ ഗ്രേഡ് അനുവദിച്ചത് കൂടി പരിഗണിച്ച് ജില്ലാ ബാങ്കുകളിലെ അഗ്രിക്കൾച്ചറൽ ഓഫീസർമാർക്കും 8 വർഷത്തെ സേവനം പൂർത്തിയാകുന്ന മുറയ്ക്ക് 24130 - 76020 എന്ന ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

6. പരാമർശം (6) വിധിന്യായം ഇതനുസരിച്ച് തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്. രാജേഷ്**

**അഡീഷണൽ സെക്രട്ടറി**

To

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ശ്രീ. ശ്രീജേഷ്, നാരായണികാവിൽ ഹൗസ്, ചെറപുരം പോസ്റ്റ്, കക്കാട്ടിൽ വഴി, കോഴിക്കോട്.
3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. ( ഉപരിപത്രം സഹിതം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്. (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക് വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*